പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5006 22/05/2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

**സർക്കാർ ഉത്തരവുകൾ പാലിക്കാത്ത എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ശശി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗ്രാന്റ് കിട്ടുന്ന എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്ര എന്നും ഇവർ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടോ എന്നും 2016-17 തുടങ്ങി നാളിതുവരെ ഉത്തരവുകൾ പാലിക്കാതെ കണ്ടെത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാം എന്നും വിശദമാക്കുമോ; | | സംസ്ഥാനത്ത് എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം (ജില്ല തിരിച്ച്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പൊതുവായുള്ള സർക്കാർ ഉത്തരവുകൾ ഈ വിദ്യാലയങ്ങൾ പാലിക്കുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നല്കുന്ന എൻ.ഒ.സി. റദ്ദാക്കാനും ഗ്രാന്റുകൾ തിരിച്ചുപിടിക്കാനും കൂടാതെ എൻ.ഒ.സി. പുതുക്കി നല്കുന്നതു തടയുവാനും ഇതിനു കൂട്ടുനിന്ന സ്കൂൾ അധികൃതർ, പ്രധാനാധ്യാപകർ, അധ്യാപകർ എന്നിവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) | കെ.ഇ.ആറിലെയോ സർക്കാർ ഉത്തരവുകളിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | 2017 ഏപ്രിൽ 28 ന് സർക്കാർ പുറപ്പെടുവിച്ച, മദ്ധ്യവേനലവധിക്കാലത്ത് സ്കൂളുകളിൽ ക്ലാസ്സെടുക്കരുതെന്നുള്ള നിർദ്ദേശം ലംഘിച്ചതായി കണ്ടെത്തിയ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂൾ അധികൃതർ/ പ്രധാന അധ്യാപകർ/ അധ്യാപകർ എത്ര എന്നും അവരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (സി) | 2017 മദ്ധ്യവേനലവധിക്കാലത്ത് ക്ലാസ്സുകൾ നടത്തിയതിന്റെ പേരിൽ ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) | ഇപ്പോഴും രഹസ്യമായി പല എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും മദ്ധ്യവേനലവധിക്കാലത്ത് ക്ലാസ്സുകൾ നടത്തുന്നത് പരിശോധിക്കാൻ എന്തെല്ലാം കർശന നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | (ഡി) | മദ്ധ്യവേനലവധിക്കാലത്ത് ക്ലാസ്സുകൾ നടത്തരുതെന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ/ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/ വിദ്യാഭ്യാസ ഉപ-ഡയറക്ടർമാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# NUMBER OF SCHOOLS FUNCTIONING FOR THE YEAR 2015-16

| Sl No | District | Aided | | | | Un aided | | | | Total | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | HS | UP | LP | Total | HS | UP | LP | Total | HS | UP | LP | Total |
| 1 | Thiruvananthapuram | 94 | 94 | 172 | 360 | 50 | 25 | 31 | 106 | 144 | 119 | 203 | 466 |
| 2 | Kollam | 125 | 133 | 179 | 437 | 19 | 25 | 45 | 89 | 144 | 158 | 224 | 526 |
| 3 | Pathanamthitta | 109 | 85 | 231 | 425 | 9 | 16 | 21 | 46 | 118 | 101 | 252 | 471 |
| 4 | Alappuzha | 128 | 79 | 188 | 395 | 7 | 8 | 23 | 38 | 135 | 87 | 211 | 433 |
| 5 | Kottayam | 166 | 128 | 257 | 551 | 23 | 10 | 24 | 57 | 189 | 138 | 281 | 608 |
| 6 | Idukki | 70 | 60 | 125 | 255 | 13 | 5 | 17 | 35 | 83 | 65 | 142 | 290 |
| 7 | Ernakulam | 175 | 99 | 256 | 530 | 52 | 18 | 32 | 102 | 227 | 117 | 288 | 632 |
| 8 | Thrissur | 148 | 161 | 374 | 683 | 33 | 13 | 39 | 85 | 181 | 174 | 413 | 768 |
| 9 | Palakkad | 76 | 159 | 344 | 579 | 43 | 20 | 34 | 97 | 119 | 179 | 378 | 676 |
| 10 | Malappuram | 85 | 221 | 475 | 781 | 118 | 49 | 54 | 221 | 203 | 270 | 529 | 1002 |
| 11 | Kozhikodu | 98 | 239 | 524 | 861 | 27 | 17 | 36 | 80 | 125 | 256 | 560 | 941 |
| 12 | Wayanadu | 23 | 40 | 46 | 109 | 5 | 7 | 10 | 22 | 28 | 47 | 56 | 131 |
| 13 | Kannur | 76 | 280 | 603 | 959 | 27 | 24 | 16 | 67 | 103 | 304 | 619 | 1026 |
| 14 | Kasaragod | 33 | 70 | 112 | 215 | 27 | 29 | 22 | 78 | 60 | 99 | 134 | 293 |
| **Total** | | **1406** | **1848** | **3886** | **7140** | **453** | **266** | **404** | **1123** | **1859** | **2114** | **4290** | **8263** |

സെക്ഷൻ ഓഫീസർ